പതിനാലാം കേരള നിയമസഭ

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 6642 | 04.04.2018 ൽ മറുപടിക്ക്

## റെയിൽവെ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുരളീധരൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പുതിയ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന്റെ റെയിൽവെ വികസനത്തിന് അനുവദിച്ച തുകയിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്; | (എ) 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20% കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്. |
| (ബി) പുതിയ പാത, പാത ഇരട്ടിപ്പിക്കൽ എന്നീ ഇനങ്ങളിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭിച്ചിട്ടുണ്ടോ; | (ബി) 2018-19 സാമ്പത്തിക വർഷത്തിൽ 689.13 കോടി രൂപ കേന്ദ്രബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മുൻ വർഷങ്ങളിൽ അനുവദിച്ച വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കുറവാണ്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. (50 ശതമാനത്തോളം). |
| (സി) പുതിയ ഏതെങ്കിലും ട്രെയിൻ കേരളത്തിനായി അനുവദിച്ചിട്ടുണ്ടോ; 2012 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൈസൂർ - തിരുവനന്തപുരം എക്സ്പ്രസ്സ് ആരംഭിച്ചിട്ടുണ്ടോ;<br>(ഡി) കൊച്ചുവേളി-ബിക്കാനീർ എക്സ്പ്രസ്സ് ആഴ്ചയിൽ മൂന്ന് ദിവസം ആക്കണമെന്നും കൊച്ചുവേളി - ലോക് മാന്യതിലക് എക്സ്പ്രസ്സ് ദിവസവുമാക്കണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നോ; ഇക്കാര്യങ്ങൾ കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മുഖ്യമന്ത്രി തലത്തിൽ ഇക്കാര്യത്തിൽ നടത്തിയ ഇടപെടലിന്റെ വിശദാംശം നൽകുമോ? | (സി) യും (ഡി) യും 2012 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൈസൂർ - തിരുവനന്തപുരം എക്സ്പ്രസ്സ് ആരംഭിച്ചിട്ടില്ല. നിലവിലുള്ള റെയിൽപാതയുടെ കാര്യക്ഷമത, ടെർമിനലുകളുടെ കാര്യക്ഷമത, നിലവിലുള്ള സമയക്രമം എന്നിവ ചൂണ്ടിക്കാട്ടി പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിനും, നിലവിലുള്ളവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും റെയിൽവേ മന്ത്രാലയം വിമുഖത കാണിക്കുന്നു. സംസ്ഥാനം ആവശ്യപ്പെട്ട ട്രെയിനുകൾ അനുവദിക്കുന്നതിന് റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നുവെങ്കിലും പുതിയതായി ട്രെയിനുകൾ അനുവദിച്ചിട്ടില്ല . ഇതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള വകുപ്പ മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്രം അനുകൂല നിലപാട് കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ